

# ബട്ടർഫ്ലൈസ്



# LITTLE KITES

## 2023 _ 24

# ജി ബി എച്ച് എസ് എസ്

# ചെറുകുന്ന്



**റവന്യൂ ജില്ല**

കണ്ണൂർ

**വിദ്യാഭ്യാസ ജില്ല**

തളിപ്പറമ്പ

**ഉപജില്ല**

മാടായി

**പ്രധാന അധ്യാപിക**

അജിത ഒ പി

**പി ടി എ പ്രസിഡൻ്റ്**

ഹീരേഷ് ആർ

**എം പി ടി എ പ്രസിഡൻ്റ്**

സുനിത പി പി



വ്യത്യസ്തമായ പ്രവർത്തനങ്ങൾ കൊണ്ടാണ് ഓരോ വിദ്യാലയവും ശ്രദ്ധേയമാവുന്നത്.ചെറുകുന്ന് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ സർഗ്ഗാത്മകരചനകൾ കോർത്തിണക്കി 2023_24 വർഷം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന " **ബട്ടർഫ്ലൈസ്** " എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു


ശ്രീമതി അജിത ഒ.പി

ഹെഡ്മിസ്ട്രസ്

ജി ബി എച്ച് എസ് എസ് ചെറുകുന്ന്



v

സഹൃദയരേ....

ലിറ്റിൽ കൈറ്റ് സിന്റെ നേതൃത്വത്തിൽ നമ്മുടെ വിദ്യാലയത്തിലെ മിടുക്കന്മാർ തയ്യാറാക്കിയ Digital Magazine ബട്ടർഫ്ലൈസ്  മറ്റ് കുട്ടികൾക്കും പ്രചോദനവും പ്രോത്സാഹനവും ആകട്ടെ എന്ന് ആശംസിക്കുന്നു.

രാജശ്രീ ടീച്ചർ

സീനിയർ അസിസ്റ്റന്റ്



അക്ഷരം അഗ്നിയാണ്. ഇളം മനസ്സുകളിൽ സങ്കൽപ്പയാത്രകൾക്കുള്ള വിത്താണ്. കൗമാര ക്രൂതൂഹലതകൾക്കും കുഞ്ഞു കുസൃതികൾക്കും അപ്പുറം വായനയുടെ വിശാലമായ മേച്ചിൽപ്പുറങ്ങൾ ക്രൂടി അവർക്ക് സ്വന്തമായുണ്ട്. വിദ്യാലയത്തിന്റെ നാലുകൽ ചുവരുകൾക്കുള്ളിലെ അധ്യയനത്തിന്റെ ചൂടും ചൂരും വായനയ്ക്കൊപ്പം സുഖ ശീതളമാകുമ്പോൾ വാക്കുകൾ ചേർന്ന് വരികളാകുന്നു. കുഞ്ഞു സർഗാത്മക ചിന്തകൾ ചേർത്തൊരുക്കിയ ഈ സംരഭത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

ആശംസകളോടെ
ശ്രീജ ചന്ദ്രോത്ത്

വിദ്യാരംഗം കൺവീനർ
യു.പി വിഭാഗം




**Little kites ലെ കുട്ടുകാർ ചിറകുനൽകിയ സർഗ്ഗത്മകതയുടെ ബട്ടർഫ്ളൈ യ്ക്ക് വിദ്യരംഗം കലസാഹിത്യവേദിയുടെ ആശംസകൾ**

**ഷീബ ടീച്ചർ**

**വിദ്യാരംഗം കൺവീനർ**

**HS വിഭാഗം**



2023–24 വർഷത്തെ ലിറ്റിൽകൈറ്റ്സ്

ബട്ടർഫ്ലൈസ് മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**കൈറ്റ് മിസ്ട്രസ്**

**ബിന്ദു കെ എം & നീഷ്മ വി**






അശ്വന്ത് കെ
9A

# ലഹരി വിരുദ്ധ പ്രതിജ്ഞ

മയക്കുമരുന്നുകൾ സമൂഹത്തെ തകർക്കുന്ന മാരക വിപത്താണെന്ന് യാഥാർത്ഥ്യം ഞാൻ തിരിച്ചറിയുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം അത് ഉപയോഗിക്കുന്ന വ്യക്തിയോടൊപ്പം കുടുംബത്തെയും സമൂഹത്തെയും പൂർണമായും നശിപ്പിക്കും എന്നും ഞാൻ മനസ്സിലാക്കുന്നു .,"ജീവിതമാണ് ലഹരി " എന്ന ആശയം എന്റെ ജീവിതത്തിൽ പകർത്തുന്നതോടൊപ്പം ഈ ആശയം മറ്റുള്ളവരുടെ ജീവിതത്തിൽ പകർത്തുന്നതിന് ഞാൻ  പ്രേരിപ്പിക്കുകയും ചെയ്യും .ലഹരി എന്റെ ചിന്തകളെയും പ്രതീക്ഷകളെയും മുരടിപ്പിക്കുകയും ആരോഗ്യം വളരെ ചെറുപ്പത്തിൽ തന്നെ നശിപ്പിക്കുകയും ചെയ്യും. ആയതിനാൽ ഒരിക്കൽ പോലും ലഹരി വസ്തുക്കൾ ഞാൻ രുചിച്ചു നോക്കുകയോ ഉപയോഗിക്കുകയോ ചെയ്യില്ല എന്ന് ഉറപ്പു നൽകുന്നു. അതോടൊപ്പം ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും പ്രവർത്തിക്കാനും ഞാൻ താല്പര്യപ്പെടുന്നു .ഞാനും എന്റെ സമൂഹവും ലഹരിയിൽ വീഴാതിരിക്കാനുള്ള എല്ലാ ശ്രമങ്ങളും...





തൃഷാൽ സുമേഷ്
8 E

ആസ്വാദനക്കുറിപ്പ്

# ഡിറ്റക്ടീവ് അമ്മു

എസ് ആർ ലാൽ എഴുതിയ ഡിറ്റക്ടീവ് അമ്മു എന്ന കഥയാണ് ഞാൻ വായിച്ചത്. തിരുവനന്തപുരം ജില്ലയിലെ കോലിയക്കോട് സ്വദേശിയായ എസ് ആർ ലാൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ മുഖപത്രമായ ഗ്രന്ഥലോകം മാസികയിൽ അസിസ്റ്റന്റ് എഡിറ്ററായി ജോലി ചെയ്യുന്നു. കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.



ഡിറ്റക്ടീവ് അമ്മു എന്ന പെൺകുട്ടിയുടെ കഥയാണ്. അമ്മുവിന്റെ ലോകമാണ് ഈ പുസ്തകം. അമ്മുവിന്റെ കുസൃതികളും ബുദ്ധിസാമർഥ്യവും ഈ കഥയിൽ ധാരാളമായി കാണുന്നു. ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ അമ്മു, അമ്മുവിന്റെ സഹോദരൻ അപ്പു കുളിരൻ എന്ന പൂച്ച, അമ്മമ്മ , അച്ചുവിന്റെ അമ്മ മണിച്ചേച്ചി, വെളും ചാത്തൻ, കരിം ചാത്തൻ, എന്നീ ചാത്തൻമാർ എന്നിവരാണ്. കരിം ചാത്തനും വെളും ചാത്തനും അമ്മുവിന്റെ അമ്മമ്മയുടെ ചാത്തൻമാരാണ്. അവർ അമ്മ പറയുന്നതെല്ലാം അനുസരിക്കും. കരിം ചാത്തൻ വളരെ കുസൃതിയും കുരുത്തം കെട്ടവനുമാണ്. അതുകൊണ്ട് അവനെ ഒരു മരത്തിൽ തളച്ചിരിക്കുകയാണ്. വല്ലപ്പോഴും പുറത്ത് ഇറക്കും. അമ്മുവിന്റെ അമ്മയും അമ്മമ്മയും രമണി ചേച്ചി എന്ന വീട്ടു ജോലിയിൽ സഹായിക്കാൻ വരുന്ന സ്ത്രീയും എല്ലാം പ്രധാന കഥാപാത്രങ്ങളായിട്ടുണ്ട്.

ഡിറ്റക്ടീവ് അമ്മു എന്ന കഥയിൽ അമ്മു എന്ന കുട്ടിയുടെ ബുദ്ധി സാമർഥ്യവും അന്വേഷണത്വരയും പ്രകടമാക്കുന്ന സംഭവങ്ങളും ധാരാളമായി കാണുന്നു. അമ്മുവിന്റെ ഡിറ്റക്ടീവ് അന്വേഷണം കൊണ്ട് പല കേസുകളും അമ്മു തെളിയിച്ചിട്ടുണ്ട്.

അമ്മുവിന്റെ വീട്ടിൽ പശുവും കിടാങ്ങളും കുറച്ച് കോഴികളുമുണ്ട്. അമ്മുവിന്റെ ചേട്ടൻ അച്ചുവിന് അമ്മുവിനെ പേടിയാണ്. എവിടെ പോകുമ്പോഴും അവൻ അമ്മുവിനെ കൂടെ കൂട്ടും. അവൾ അവന് ഒരു ധൈര്യമാണ്. അമ്മുവിന്റെ പശുവിന്റെ കിടാവിനെ കട്ടുകൊണ്ടുപോയ കള്ളനെ അമ്മു വളരെ വിദഗ്ധമായി പിടിച്ചു. അവളുടെ വീട്ടിലെ കറമ്പക്കാരൻ തന്നെയായിരുന്നു അത്. വളരെ രസകരമായ ധാരാളം കാര്യങ്ങൾ ഈ കഥയിലുണ്ട്. സ്കൂളിലും വീട്ടിലും രസകരമായ ധാരാളം കാര്യങ്ങൾ ഈ കഥയിലുണ്ട്. സ്കൂളിലും വീട്ടിലും എവിടെയായാലും അമ്മു ഒരു സംഭവം തന്നെയാണ്.

എനിക്ക് ഈ പുസ്തകം വളരെയധികം ഇഷ്ടപ്പെട്ടു. നിങ്ങളെല്ലാവരും ഈ പുസ്തകം വളരെയധികം ഇഷ്ടപ്പെട്ടു.

പുസ്തകപരിചയം



സയ്ദ് അഹമ്മദ്
8 C

# അജ്മീറിലെ സുൽത്താൻ

...............

ഡോ. ഹുസൈൻ രണ്ടത്താണി രചിച്ച ബാലസാഹിത്യ കൃതിയാണ് അജ്മീറിലെ സുൽത്താൻ . അജ്മീർ ഖാജാ മു ഇ നുദ്ദീൻ എന്നാണ് യഥാർഥ നാമം . അജ്മീർ ഖാജാ യുടെ ജീവിത കഥയാണ് ഈ പുസ്തകത്തിൽ പരാമർശിച്ചിട്ടുള്ളത്.

ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ വിഖ്യാതനായ സൂഫീവര്യൻ ആണ് അജ്മീർ ഖാജ . ഒരാൾക്ക് കഥ പറഞ്ഞു കൊടുക്കുന്ന രീതിയിലാണ് ഈ കൃതി രചിച്ചിരിക്കുന്നത്. ആഗ്രയിൽ നിന്ന് എത്രയോ കാതങ്ങൾ കാൽനടയായി വന്ന് മഖ്ബറയിൽ പ്രാർഥിച്ചതിന് ശേഷമാണ് അക്ബർ ചക്രവർത്തി സ്ഥാനാരോഹണം നടത്തിയത് എന്നത് ഈ കൃതിയിൽ പറയുന്നുണ്ട്.




കഥ

അഭിനവ് എം ആർ
6 B

# രാമുവിന്റെ വസന്തം

.......................

എപ്പോത്തെയും പോലെ അവൻ രാവിലെ പുറത്തിറങ്ങി. എന്റെ മകനെ കുറിച്ചാണ്  പറയുന്നത്. അവന്റെ പേര് രാമചന്ദ്രൻ . രാമു എന്ന് വിളിക്കും. അവൻ പുറത്തുള്ള ഒരു ചെടിയെ നോക്കി കുറേ നേരം അവിടെ തന്നെയിരുന്നു എന്തോ രഹസ്യം ചെടി അവനോട് പറയാനുള്ളതുപോലെ. ഞാൻ അവനോട് പറഞ്ഞു "എന്താണ് രാമു കുറേ നേരമായില്ലേ ഇവിടെ തന്നെയിരിക്കുന്നു ,എന്ത് കഥയാണ് ചെടി പറയുന്നത്?" ഒരു സുന്ദര വസന്തത്തിന്റെ കഥയാണച്ഛാ. എന്നാൽ ഒന്നു പറഞ്ഞോട്ടെ. ഈ ചെടി ചെറുപ്പത്തിൽ കണ്ട വസന്തത്തെക്കുറിച്ച് മറ്റ് ചെടികളോട് പറഞ്ഞു. വസന്തം വരുന്നതും ചെടികളിൽ പലനിറത്തിലുള്ള പൂക്കൾ വിരിയുന്നതും. ചെടികൾക്ക് സന്തോഷമായി. "ചെടികളെ നിങ്ങൾക്ക് സന്തോഷിക്കാനായതിൽ ഞാൻ സന്തോഷിക്കുന്നു" വസന്തം പറഞ്ഞു. വസന്തം വെയിലായും മഞ്ഞായും തണലായും ചെടിയെ കാത്തു . കുറേ നാളുകൾക്കു ശേഷം ചെടികളോട് യാത്ര പറഞ്ഞ് വസന്തം എങ്ങോ പോയി. ആ വസന്തം തിരിച്ചെത്താറായി എന്ന സന്തോഷമായ കാര്യമാണ് ചെടി രാമുവിനോട് പറഞ്ഞത് എന്ന് എന്നോടു പറഞ്ഞു. അതു കേട്ടപ്പോൾ ശരിക്കും അതൊരു വിരുന്നെത്തിയ വസന്തമാണ്.





കഥ

മുഹമ്മദ്റൈഹാൻ കെ പ
6 C



# ജന്മദിനം

=========



ഒരു നാട്ടിലെ ഒരു കുട്ടിയുടെ ആ ദിവസം കടന്നു വരുന്നു. കുട്ടി നല്ല സന്തോഷത്തിലാണ്. ആ കുട്ടിക്ക് നല്ല പ്രതീക്ഷ ഉണ്ടായിരുന്നു. ആ പ്രതീക്ഷകൾ- ഒന്ന് നല്ല വസ്ത്രം ധരിച്ച് സ്കൂളിൽ പോകാം, രണ്ട് ജന്മദിന ആഘോഷം നടത്താം. പക്ഷേ ആ കുട്ടിയുടെ പ്രതീക്ഷ എല്ലാം വെറുതെയാണ്. അവന്റെ അച്ഛന്റെ പേര് സന്തോഷ് എന്നാണ്. അവന് അമ്മയില്ല അമ്മ മരിച്ചുപോയിരുന്നു. അങ്ങനെ ആ മാസം ആ ദിവസം കടന്നു വന്നു. അവന്റെ ആഗ്രഹങ്ങളെല്ലാം നടക്കും എന്ന പ്രതീക്ഷയിലാണ് അവൻ. അവൻ ആ സന്തോഷത്തിൽ ആണുള്ളത്. പക്ഷേ അവന്റെ അച്ഛന് ജോലിയൊന്നുമില്ല.അവൻ രാവിലെ ഉറക്കം എഴുന്നേറ്റു വന്നപ്പോൾ തന്നെ അവൻ അച്ഛനോട് ചോദിച്ചത് എനിക്ക് ധരിക്കാൻ പുതിയ വസ്ത്രം ഒന്നുമില്ലേ എന്നാണ്.അവന്റെ അച്ഛന് അത് കേട്ടപ്പോൾ തന്നെ വിഷമം വന്നു. അച്ഛൻ ഇങ്ങനെ പറഞ്ഞു :മോനെ എനിക്ക് എവിടുന്നാണ് പൈസ.. എനിക്ക് പണി ഒന്നുമില്ലല്ലോ. അവൻ പറഞ്ഞു : ജോ ക്കിയാലല്ലേ ജോലി കിട്ടുകയുള്ളൂ. എനിക്ക് ആര് ജോലി തരാനാണ് എനിക്ക് വിദ്യാഭ്യാസം ഒന്നും ഇല്ലല്ലേ ി അല്ലെ മോനെ.അവിടുന്ന് അത്രയൊന്നും പണം കിട്ടില്ലല്ലോ. അവൻ സ്കൂളിലേക്ക് തിരിച്ചു പോ



ആദിനാഥ് എസ്
7B

കഥ

# എന്റെ അച്ഛൻ

...........



എന്റെ അച്ഛൻ ഗൾഫിൽ നിന്ന് വന്നത് അറിയാതെ കളിക്കാൻ പോയ ഞാൻ ഫുട്ബോൾ കളിച്ചു. മൂന്നു ഗോളോടെ കളിയൊക്കെ ജയിച്ച് ബോർ അടിച്ചപ്പോൾ വെറുതെ സൈക്കളിൽ കറങ്ങി നടന്നു. വീട്ടിലെത്തി കുറേ അധികം മിഠായികൾ കണ്ട് ഞാൻ അമ്മയോട് ചോദിച്ചു. അമ്മ അപ്പുറത്തെ വീട്ടിലെ കുട്ടിയുടെ പിറന്നാൾ മിഠായിയാണെന്ന് പറഞ്ഞത് ഞാൻ വിശ്വസിച്ചു. കുറെ അധികം മിഠായിയും കണ്ടപ്പോൾ എനിക്ക് മനസിലായി അച്ഛൻ വന്നെന്ന്. അതിനു ശേഷം അച്ഛനെ കണ്ടു. എന്റെ ആഹ്ലാദം പറഞ്ഞറിയിക്കാൻ പറ്റുന്നതും മുകളിലായിരുന്നു ഞങ്ങൾ. കുറേ സ്ഥലങ്ങളിൽ കറങ്ങി രാത്രിയാണ് വീട്ടിലെത്തിയത്. ഹോട്ടലിൽ കയറി **chicken** 65 ബിരിയാണിയും കുലുക്കി സർബത്തും കുടിച്ചു.

*********






അനുനന്ദ് വി
5 A

# വിരുന്നെത്തിയ വസന്തം



ഞാൻ എന്റെ വല്ല്യമ്മയുടെ വീട്ടിൽ പോയി. അവിടെ അപ്പോൾ വസന്തകാലമായിരുന്നു. അവിടെ ഒരു പൂവു പോലുമില്ല. അവിടത്തെ മരങ്ങൾ എല്ലാം ഉണങ്ങി വരണ്ട് നിൽക്കുന്നു. വീടിന്റെ മുറ്റം തന്നെ ഭംഗിയില്ലാതായിരിക്കുന്നു. എന്റെ വല്ല്യച്ഛനും വല്യമ്മയും ഞാനും കൂടി കുറച്ച് അധികം പൂച്ചെടികളും മരങ്ങളും നട്ടുവളർത്തി. എന്നിട്ട് വസന്തകാലമായി. കുറേ പൂമ്പാറ്റകളും പുക്കളിൽ തേൻ കുടിക്കുന്ന തേനീച്ചകളും എന്തു ഭംഗിയാണ് ആ വസന്തകാലം എനിക്ക് മറക്കാൻ കഴിയുന്നില്ല.



ധരുൺ കെ
5 A

# മഴ

മഴയുടെ ദിവസമായിരുന്നു അമ്മുവിന് സങ്കടമായി കളിയും ചിരിയും നഷ്ടമായി എന്ന് അമ്മുവിന് തോന്നി . അമ്മു വിഷമിച്ചിരിക്കുമ്പോൾ അവളുടെ ചേച്ചി അവളോട് ചോദിച്ചു .എന്താണ് നിനക്ക് പറ്റിയത് ?അവൾ പറഞ്ഞു മഴക്കാലമായതുകൊണ്ട് കളിക്കാൻ കഴിയുന്നില്ല. അമ്മു നമുക്കൊരു പാട്ടുപാടിയാലോ ?ശരി എന്ന് അമ്മു പറഞ്ഞു .



ചേച്ചി പാടിയ പാട്ടാണ്

" മഴ മഴ മഴ മഴ വന്നു
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ വന്നു ...."

പെട്ടെന്ന് പ്രകാശം അമ്മൂന്റെ കണ്ണിൽ തട്ടി. 'അമ്മു ഇതാ മഴ പോയി വെയിൽ വന്നു.' അമ്മുവിന്റെ ചേച്ചി പറഞ്ഞു. അമ്മുവിന് വലിയ സന്തോഷമായി .

കെ
വി റിദാൻ ഹാദി
6C

# മരം

...........

മരമാണ് നമ്മുടെ തണല്

മരമാണ് നമ്മുടെ വീട്

വെയിൽ വരുമ്പോൾ തണലിൽ വസിക്കും നമ്മൾ

ദ്രോഹികൾ മുറിക്കുന്നു മരങ്ങൾ

നമ്മളാണ് ഇതിന് കാവൽ

നിൽക്കേണ്ടത്

നിൽക്കു നിൽക്കു കാവൽ

മരം നട്ടുവളർത്തു



*********





മുഹമ്മദ് ഇഷാൻ
6 C

# അമ്മയും കുട്ടികളും

പണ്ട് പണ്ട് അമ്മയും മൂന്നു കുട്ടികളും ഉണ്ടായിരുന്നു അങ്ങനെ ഒരിക്കൽ മൂന്നു കുട്ടികളും പുറത്തു അപ്പോൾ അവർ വഴിയിൽ ഒരു കുട്ടി കരയുന്നത് കണ്ടു പോയി ചോദിച്ചു എന്തിനാണ് കരയുന്നത് അപ്പോൾ ആ കുട്ടി പറഞ്ഞു എന്റെ അമ്മയെ കാണാനില്ല അപ്പോൾ അവർ ചോദിച്ചു നിന്റെ അമ്മ എവിടെയാ പോയത് ? നിനക്കറിയാമോ ?അറിയും. അപ്പോൾ അവർ ചോദിച്ചു എന്നാൽ പറയൂ അവൻ പറഞ്ഞു ആ നിരത്തി നിർത്തിവെച്ച കാറിൽ ആണ് അമ്മ ഉള്ളത്. അവർ കുട്ടിയെ ആ കാറിന്റെ അടുത്തേക്ക് കൊണ്ടു പോയി .ഗ്ലാസ് ഉയർത്തിയപ്പോൾ അവർ കണ്ടത് അവന്റെ അമ്മ ആ കാറിൽ മരിച്ചു കിടക്കുന്നതായാണ്.അത് കണ്ടപ്പോൾ അവർക്ക് സങ്കടമായി.

*********

കവിത

ഋഷഭ് പി
6 B

## മലയാള നാട്

............
മലയാളനാടെ ജയിച്ചാലും
എന്റെ സ്വന്തം നാടാണ്
മലയാളം മലയാളനാട്
എനിക്ക് ഇഷ്ടം നാടാണ്
എന്റെ ഇഷ്ടപ്പെട്ട നാടാണ്
ഞാനിന്ന് പഠിച്ചത് മലയാളം
എന്റെ നാട് മലയാളം
എനിക്ക് ഇഷ്ടം മലയാളം

*********










കവിത



അനുരുദ്.ടി

# തത്തമ്മ

ചാമ്പ മരത്തിൻ കൊമ്പിൽ ഇരിക്കും
പച്ച തത്തമ്മ
മാനത്ത് ആകെ പാറി നടക്കും പച്ച തത്തമ്മ
ചെഞ്ചുണ്ടാകെ പുഞ്ചിരി വിരിയും പച്ച തത്തമ്മ
എന്നോടൊപ്പം കുശലം പറയും പച്ച തത്തമ്മ
ചാമ്പ മരത്തിൻ കൊമ്പിൽ ഇരിക്കും പച്ച തത്ത



ആയുഷ് ശങ്കർ
9 E

കവിത

# അമൃതിൽ നിന്ന് വിഷത്തിലേക്ക്

തുടക്കത്തിൽ അവനൊരു സ്വർഗ്ഗം തീർത്തു
അവനെ ഞാൻ അമൃതായി കണ്ടു
അവൻ പേര് ലഹരി കൂടെ കൂട്ടി ഞാൻ
അവനെ എന്നിലെ എന്നെ
ഞാൻ അവനായി സമർപ്പിച്ചു
എന്നാൽ ഞാൻ അറിയാതെ പോയി
സ്വർഗത്തിലെ അമൃതായിക്കണ്ട അവൻ
നഗരത്തിലെ വിഷത്തെക്കാൾ ഭയങ്കരനാണ്
എന്നെ അവൻ കൊന്നുതിന്നു
എന്നെ ഇല്ലാതാക്കി
എൻ പൊൻ കുടുംബത്തെയും അവൻ ഇരകളിലൊന്നു മാത്രം
ഓർക്കുക ജനങ്ങളെ ,അവൻ അമൃതല്ല;
കാളകൂട വിഷമാണ്.
അവൻ പേര് ലഹരി

*********



യാത്രാനുഭവക്കുറിപ്പ്



കശ്യപ്
7B

# വിരുന്നുകാർ

ഒരു ദിവസം രാവിലെ തന്നെ ഞാൻ എഴുന്നേൽക്കുമ്പോൾ വളരെ നല്ല ഒരു വാർത്തയാണ് കേട്ടത്. ഞാനും സഹോദരങ്ങളും വീട്ടുകാരും കൂടി യാത്ര പോകാൻ തയ്യാറെടുക്കുന്നു എന്ന വാർത്തയാണ് കേട്ടത്. ഏറെക്കാലം കഴിഞ്ഞ് വിരുന്നെത്തിയ വസന്തകാലം പോലെ സന്തോഷം പോലെയാണ് തോന്നിയത് . യാത്ര പോയിട്ട് വളരെ കാലം കഴിഞ്ഞാണ് ഞാൻ ഇത് എഴുതുന്നത്. യാത്ര പോയത് മഹാരാഷ്ട്രയിലെ അജന്തയിലാണ്. 24 മുറികൾ ഉള്ള ഗുഹയിലെ അവസാനത്തെ മുറിയിൽ 6 അടി പൊക്കത്തിലുള്ള ബുദ്ധന്റെ പ്രതിമയാണ്. മനോഹരമായ കാഴ്ചകൾ ആയിരുന്നു അത്.

ഇന്നും അത് വിരുന്നെത്തിയ വസന്തകാലം പോലെ സന്തോഷം പകർന്നു തരുന്നു.







അഭിരാം പി വി
7 B

കവിത

# കൂട്ടം തെറ്റുമ്പോൾ

ക്കൂട്ടം തെറ്റാതെ പോകുന്നുണ്ട്
കുഞ്ഞനുറുമ്പുകൾ.......
അതിലൊന്നിനെ പിടിച്ചിടാനായി നിൽക്കും
ക്കൂറ്റൻ പല്ലികൾ ....
അപ്പോൾ ക്കൂട്ടം തെറ്റാതോടുമിവയെ
മർത്ത്യർ കാണിടുമ്പോൾ
അല്പംവലിയൊരു കല്ലെടുത്തി-
ട്ടുന്നം നോക്കിയെറിഞ്ഞിടും
ഇവരുടെ ധൈര്യം കാരണമവരുടെ
ക്കൂട്ടം തെറ്റാതിരുന്നുവല്ലോ
ക്കൂട്ടംതെറ്റിയാലതൊരു വലിയൊരു
കീറാമുട്ടിയായി തീർന്നീടും.......

*********





മുഹമ്മദ് ഇഷാൻ
6C

# വസന്തം

വസന്തകാലം വന്നാൽ എല്ലാവർക്കും സന്തോഷമായിരിക്കും. അതിഥികൾ വരുന്നതുപോലെയാണ് ഉണ്ടാവുക. പൂന്തോട്ടങ്ങളൊക്കെ നിറഞ്ഞുനിൽക്കുന്നത് ആരാണ് ഇഷ്ടപ്പെടാത്തത് .പൂന്തോട്ടങ്ങൾക്കിടയിലൂടെ ഓടിച്ചാടി നടക്കാൻ എന്ത് രസമാണ് എന്നറിയാമോ ? അവിടെ പൂവുകൾ വിടരുന്നതും തേനീച്ചകളും പൂമ്പാറ്റകളും തേൻ കുടിക്കുന്നുണ്ടായിരിക്കും തേൻ കുടിച്ച മത്തി പാറി നടക്കുന്നവരും ഉണ്ട് ഇത്രയും ഒരു നല്ല കാലം ആർക്കാണ് ഇഷ്ടപ്പെടാത്തത്



ധാരുൺ കെ
5 A

# ചക്കരമാവ്

ചക്കരമാവിൻ കൊമ്പത്തിരുന്നൂഞ്ഞാലാടും
പൈങ്കിളി എന്നുടെ കൂടെ കൂട്ടുകൂടി ഊഞ്ഞാലാടും പൈങ്കിളി
നിന്നുടെ കൂടെ ഊഞ്ഞാലാടാൻ എന്നുടെ കൂടെ ഊഞ്ഞാലാടാൻ പഞ്ചവർണ്ണ പൈങ്കിളി കൂടെ
നൂറുകണക്കിനുവർണ്ണം ചാർത്തി വരുന്നു നമ്മുടെ പൂമ്പാറ്റ നമ്മോടൊപ്പം ഊഞ്ഞാലാടാൻ നമ്മുടെ കൂടെ
കളിച്ചീടാൻ







സംഗീത് സജീവൻ
7 A

# മുത്തശ്ശി

എനിക്കുണ്ടൊരു മുത്തശ്ശി
വടിയും കുത്തി നടക്കും മുത്തശ്ശി
ചുക്കിചുളിഞ്ഞൊരു മുത്തശ്ശി
കഥകൾ പറയും മുത്തശ്ശി
കണ്ണടയിട്ടും മുത്തശ്ശി
കുനിക്കൂടി നടക്കും മുത്തശ്ശി
കഥകൾ പറയും മുത്തശ്ശി






GOVT. BOYS HIGHER SECONDARY SCHOOL CHERUKUNNU
LITTLE KITES 2022-2025

# നന്ദി